	(തുക കോടിയിൽ)
1. സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പ്	38211.04
2. ദേശസാൽകൃത ബാങ്കുകൾ	19913.69
3. കേരള ഗ്രാമീൺ ബാങ്കുകൾ	300.08
4. സ്വകാര്യ ബാങ്കുകൾ	39040.55
5. സഹകരണ ബാങ്കുകൾ	0.68
ആകെ	97466.04

ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണം

155 (501) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന കാര്യം വിശദമാക്കുമോ ;

(ബി) അനധികൃത പലിശ, ആകർഷകങ്ങളായ പലിശ, മറ്റ് വാഗ്ദാനങ്ങൾ എന്നിവ നൽകി നിക്ഷേപം സ്വീകരിച്ചശേഷം കബളിപ്പിച്ചു സാമ്പത്തിക കുറ്റകൃത്യങ്ങൾ നടത്തുന്നവരുടെ സ്വത്ത് വകകൾ പിടിച്ചെടുക്കുന്നതടക്കമുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിന് ഉണ്ടാക്കിയ നിയമങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കേരളത്തിലെ ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുന്നവരുടെ താല്പര്യം സംരക്ഷിക്കുന്നതിനും അതുമായി ബന്ധപ്പെട്ട സംഗതികൾക്കും വേണ്ടി കേരള നിയമസഭ '2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ ' പാസ്സാക്കിയിരുന്നു. ഈ ബില്ലിന് 2015 ജനുവരി 31-ാം തീയതി ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അനുമതി ലഭിച്ചതിനെത്തുടർന്ന് 2015 ഫെബ്രുവരി 16-ാം തീയതിയിലെ 364-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനപ്രകാരം സംസ്ഥാനത്ത് '2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ആക്ട്' പ്രാബല്യത്തിൽ വന്നു. ടി നിയമത്തിൽ പൊതുജനങ്ങളിൽനിന്ന് നിക്ഷേപം സ്വീകരിച്ചശേഷം നിക്ഷേപകരെ കബളിപ്പിച്ച് സാമ്പത്തിക കുറ്റകൃത്യം നടത്തുന്നവരുടെ സ്വത്തുവകകൾ ജപ്തി ചെയ്യുന്നതിനും ഇത്തരം കുറ്റസ്ഥാപനത്തിന്മേൽ

LIBRARY ARCHIVES Kerala Legislative Assembly

10 വർഷംവരെയാകാവുന്ന തടവും ഒരുലക്ഷം രൂപവരെ പിഴയും ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ/വ്യക്തികൾ അമിത പലിശ ഈടാക്കുന്നതിനെതിരെ നിലവിലുള്ള നിയമങ്ങളായ കേരള മണിലെൻഡേഴ്സ് ആക്ട്, കേരള അമിത പലിശ ഈടാക്കൽ നിരോധന നിയമം എന്നിവ പ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

അടിസ്ഥാന സൗകര്യ വികസന മേഖലയിലെ പദ്ധതികൾ

156 (502) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും അടിസ്ഥാന സൗകര്യ വികസന മേഖലയിലെ പദ്ധതികൾക്കായി വകയിരുത്തപ്പെട്ട വിഹിതം എത്ര കോടി വീതമായിരുന്നു;വിശദമാക്കാമോ ;

(ബി) ഇതിൽ ഓരോ വർഷവും ഓരോ പദ്ധതിക്കും വേണ്ടി ഖജനാവിൽ നിന്നും ചെലവഴിച്ചത് എത്ര കോടി വീതമായിരുന്നു ; വിശദമാക്കാമോ ;

(സി) ഓരോ പദ്ധതികളിലും ഇപ്പോൾ എത്ര ശതമാനം പിന്നിട്ടിരിക്കുന്നു എന്ന് വിശദമാക്കാമോ ; ഓരോ പദ്ധതിയും പൂർണ്ണ തോതിൽ പൂർത്തീകരിക്കുന്നതിന് എത്ര തുക വീതം ഇനിയും ആവശ്യമായിട്ടുണ്ട് ; വിശദമാക്കാമോ ;

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ അടിസ്ഥാന സൗകര്യ വികസന മേഖലയിലെ വൻകിട പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനമാണ് ചെലവഴിക്കാത്തത് ; വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്ര ; വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും അടിസ്ഥാന സൗകര്യ വികസന മേഖലയിലെ പ്രധാനമായി വകയിരുത്തപ്പെട്ട വിഹിതം പദ്ധതി തിരിച്ച് അനുബന്ധം- I ൽ ചേർത്തിരിക്കുന്നു.*

(ബി) ഇതിൽ ഓരോ വർഷവും ഓരോ പദ്ധതിക്കും വേണ്ടി ഖജനാവിൽ നിന്നും ചെലവഴിച്ച തുക പദ്ധതി തിരിച്ച് അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

(സി) ബന്ധപ്പെട്ട ഭരണ വകുപ്പുകളിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിശദാംശങ്ങൾ പദ്ധതി തിരിച്ച് അനുബന്ധം III-ൽ ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly